# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.15558/23/BUD**

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
**19/10/2023.**

## സർക്കുലർ

വിഷയം:- ആർ.ആർ ഓൺലൈൻ - റവന്യൂ റിക്കവറി നടപടിക്രമങ്ങൾ സംബന്ധിച്ച്.
സൂചന:- ഈ ആഫീസിലെ **30/05/2023**-ലെ **ROC.13512/22/BUD** നമ്പർ സർക്കുലർ.

റവന്യൂ റിക്കവറി നടപടികൾ ഓൺലൈനായി ചെയ്യുന്നതിന്റെ ഭാഗമായി സൂചന സർക്കുലർ പ്രകാരം ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശബരിമല എക്സിക്യൂട്ടീവ് ഓഫീസ് / എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിൽ യൂസർ ഐഡി / പാസ്സ്‌വേർഡ് സഹിതം ലഭ്യമാക്കി ബന്ധപ്പെട്ട ഗ്രൂപ്പ് ആഫീസ് ക്ലാർക്കുമാർക്ക് നിർദ്ദേശം സഹിതം വിവരം നൽകിയിട്ടുള്ളതാണ്. തുടർനടപടികൾ അതത് ആഫീസുകളിൽ നിന്ന് സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസുകളിൽ നിന്ന് സൂചനയായി ആവശ്യപ്പെട്ട വിവരങ്ങൾ യാതൊന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണ്. ആയത് ടി നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി ശബരിമല എക്സിക്യൂട്ടീവ് ഓഫീസ് / എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസുകൾ / എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസുകൾ എന്നിവിടങ്ങളിൽ നിർബന്ധമായും **റവന്യൂ റിക്കവറി രജിസ്റ്റർ** പരിപാലിക്കേണ്ടതാണ്.

**റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം കൈക്കൊള്ളാത്ത പക്ഷം ടി റിക്കവറി തുക അതാത് കാലങ്ങളിലെ ഓഫീസ് മേലധികാരിയുടെ ലയബിലിറ്റിയായി തിട്ടപ്പെടുത്തുന്നതും, ഇതിന്മേൽ വകുപ്പുതല അച്ചടക്കനടപടി ആരംഭിക്കുന്നതുമായിരിക്കും.**

റവന്യൂ റിക്കവറി നടപടിക്രമങ്ങൾ എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസുകളിലും കൃത്യമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസുകളിലേയും റവന്യൂ റിക്കവറി നടപടിക്രമങ്ങൾ നിർബന്ധമായും പാലിക്കുന്നുവെന്ന് അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ചീഫ് എഞ്ചിനീയറും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
4. എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
5. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
6. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
7. എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
8. ഐ.റ്റി ഡിവിഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
9. ഫെയർ ഓഫീസ് കോപ്പി